## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 150 | 13/6/2014 ൽ മറുപടിയ്ക്ക്

# റബ്ബർ സംഭരണ ഏജൻസികൾക്കുള്ള ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>,, കെ. രാധാകൃഷ്ണൻ<br>'' രാജു എബ്രഹാം<br>'' പുരുഷൻ കടലുണ്ടി | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റബ്ബർ സംഭരണത്തെ ക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഉണ്ട്. സംസ്ഥാന സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പ തുകയ്ക്ക് ഗ്യാരണ്ടി നിൽക്കുന്നതിന് തീരുമാനിക്കുകയും 2014 മേയ് 24-നകം കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകൾ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനും ഫണ്ട് അനുവദിച്ചു നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി 31/5/2014-നകം തുക ബാങ്ക് ലഭ്യമാക്കുന്നതിനും, പ്രാരംഭ ഘട്ടത്തിൽ ഓരോ സംഭരണ ഏജൻസിയും കുറഞ്ഞത് പ്രതിമാസം 1000 ടൺ സംഭരിക്കുന്നതിനും ഇതിലേയ്ക്കായി ആവശ്യമായ തുക സംസ്ഥാന സഹകരണ ബാങ്ക് ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനും സംഭരിച്ച റബ്ബർ വിപണനം നടത്തുമ്പോൾ ഏജൻസികൾക്ക് നഷ്ടം വന്നാൽ പലിശ സർക്കാർ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കർഷകരിൽ നിന്നും സംഭരിച്ച റബ്ബറിന് യഥാസമയം വില നൽകുന്നുണ്ടോ; ഈയിനത്തിൽ കുടിശ്ശികയുണ്ടോ; വിശദമാക്കുമോ; | (ബി) റബ്ബർമാർക്ക് 425 കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച റബ്ബറിന്റെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. എന്നാൽ സംഘങ്ങൾ വഴി സംഭരിച്ച റബ്ബറിന് 40,79,494 രൂപ നൽകാനുണ്ട്. മാർക്കറ്റ്ഫെഡ് റബ്ബർ സംഭരിച്ച ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. |
| (സി) ഫണ്ടിന്റെ അപര്യാപ്തത സംഭരണത്തിന് തടസ്സം നിൽക്കുന്നുണ്ടോ; | (സി) ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംഭരണ ഏജൻസികൾക്ക് ഏതെല്ലാം തരത്തിലാണ് ഇപ്പോൾ ഫണ്ട് ലഭ്യമാക്കുന്നതെന്നറിയിക്കുമോ? | (ഡി) | സംഭരണ ഏജൻസികൾക്ക് റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട ഫണ്ടിനത്തിൽ 50 കോടി രൂപ കണ്ടെത്തുന്നതിന് 10 ജില്ലാ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ഓരോ ബാങ്കും 5 കോടി രൂപ വീതം കൺസോർഷ്യത്തിൽ നിക്ഷേപിച്ച് ഫണ്ട് കണ്ടെത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബഹു.ഹൈക്കോടതിയുടെ WP(C)12758/14 പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ